<u>**15 -ാം കേരള നിയമസഭ**</u>

<u>**9 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 122**</u> <u>**08-08-2023 - ൽ മറുപടിയ്ക്ക്**</u>

<u>**കായംകുളം മണ്ഡലത്തിലെ പോലീസ് സ്റ്റേഷൻ, ക്വാർട്ടേഴ്സ് നിർമ്മാണം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കായംകുളം പോലീസ് സ്റ്റേഷനിലെ ക്വാർട്ടേഴ്സ് കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായി അപകട ഭീഷണി ഉയർത്തി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പൊളിച്ച് മാറ്റി പുതിയ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | **ഉണ്ട്. കായംകുളം പോലീസ് സ്റ്റേഷനിലെ ഉപയോഗശൂന്യമായ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ ലേലം ചെയ്ത് പൊളിച്ച് നീക്കുന്നതിനു വേണ്ടി പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | കായംകുളം മണ്ഡലത്തിലെ കരീലകുളങ്ങര പോലീസ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (ബി) | കായംകുളം മണ്ഡലത്തിലെ കരീലകളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി Assistance to State and UTs for Modernization of Police (ASUMP 2022-2023) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.<br>2019-2020 വർഷത്തെ Assistance to State and UTs for Modernization of Police പദ്ധതിയിലെ ബാലൻസ് തുകയിൽ ആവശ്യമായ തുക ഉപയോഗിച്ച് കരീലകളങ്ങര പോലീസ് സ്റ്റേഷന്റെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ